നടപടികൾ പുരോഗമിക്കുന്നു. ഈ ബസ്സുകൾ തിരുവനന്തപുരം മേഖലയിൽ സർവ്വീസ് നടത്തുന്നതാണ്. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ആനയറയിൽ സ്ഥാപിക്കുന്ന സ്റ്റേഷന്റെ പണികൾ പുരോഗമിക്കുന്നുണ്ട്. ഇത് ഏതാനും മാസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-യുടെ സി.എൻ.ജി. ബസ്സുകൾക്കാവശ്യമായ ഇന്ധനം ഇവിടെനിന്നും ലഭ്യമാക്കാൻ സാധിക്കും. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ആവശ്യത്തിലേക്കായി കേരളത്തിലെ തെക്കൻ മേഖലയിൽ സി.എൻ.ജി. ലഭ്യത ഉറപ്പാക്കുന്നതിനായി കേരളത്തിന്റെ തെക്കൻ മേഖലയിലെ സി.എൻ.ജി. വിതരണ അവകാശമുള്ള M/s. AG&P-യുമായി പ്രാരംഭ ചർച്ചകൾ നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം ഉത്തര-മദ്ധ്യ മേഖലകളിലെ സി.എൻ.ജി. ലഭ്യതയ്ക്കായി ഇതിന്റെ വിതരണ സ്ഥാപനമായ M/s. IOC Adani-യുമായും ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായും ചർച്ചകൾ നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ഓൺലൈൻ വിദ്യാഭ്യാസത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ**

16 (*406) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എച്ച്. സലാം:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ അദ്ധ്യാപനം ഉന്നതവിദ്യാഭ്യാസ രംഗത്തിന്റെ ഗുണനിലവാരത്തെ ബാധിച്ചിട്ടുണ്ടോയെന്ന് പഠനവിധേയമാക്കിയിരുന്നോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; നേരിട്ടുള്ള പഠനവും വെർച്വൽ ക്ലാസ്സും തമ്മിലുള്ള അന്തരം കുറയ്ക്കുവാൻ എന്ത് മാർഗ്ഗമാണുള്ളതെന്ന് അറിയിക്കാമോ;

(ബി) മൂല്യനിർണ്ണയ സമ്പ്രദായത്തിൽ ഓൺലൈൻ അദ്ധ്യാപനം അനിവാര്യമാക്കുന്ന തരത്തിലുള്ള നവീകരണങ്ങൾ വരുത്താൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഓൺലൈൻ വിദ്യാഭ്യാസത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും പഠിതാക്കളുടെ ഡിജിറ്റൽ വിടവ് പരിഹരിക്കുന്നതിനും ശ്രദ്ധ പതിപ്പിച്ചിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓൺലൈൻ വിദ്യാഭ്യാസം ഓപ്പൺ യൂണിവേഴ്സിറ്റികളുടെ സാധ്യത തുറന്നുകാട്ടിയതിന്റെകൂടി അനുഭവ പശ്ചാത്തലത്തിൽ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം ചിട്ടപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

(എ-ഡി) ഓൺലൈൻ അദ്ധ്യാപനം ഉന്നത വിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിച്ച പ്രശ്നങ്ങൾ സംബന്ധിച്ച് അദ്ധ്യാപകരിൽനിന്നും വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ വ്യവസ്ഥയിൽ ക്ലാസ് റൂം വിദ്യാഭ്യാസമായാലും ഓൺലൈൻ വിദ്യാഭ്യാസമായാലും അതിനാവശ്യമായ സമഗ്രവും കാര്യക്ഷമവുമായ ഒരു സംവിധാനവും ഇൻഫ്രാസ്ട്രക്ചറും അടങ്ങിയ സിസ്റ്റം കൃത്യമായ ആസൂത്രണത്തോടെ കേന്ദ്രീകരണത്തോടെയും നടപ്പിലാക്കേണ്ടതുണ്ട്. ക്ലാസ് മുറികൾ സ്മാർട്ടും ഹൈബ്രിഡുമാവുന്ന കാലത്ത് ഓഫ്ലൈൻ വിദ്യാഭ്യാസവും ഓൺലൈൻ വിദ്യാഭ്യാസവും പരസ്പരപൂരകമായി ഏകോപിപ്പിക്കുന്ന 'ബ്ലെൻഡഡ് ലേണിംഗ്' എന്നറിയപ്പെടുന്ന വിദ്യാഭ്യാസ സംവിധാനത്തിലേയ്ക്ക് മാറേണ്ടതുണ്ട്. മുഴുവൻ സർവ്വകലാശാലകൾക്ക് കീഴിലുള്ള കോളേജുകളിലെ എല്ലാ പ്രോഗ്രാമുകളും കോഴ്സുകളും ഉൾപ്പെടുത്താൻ കഴിയുന്ന തരത്തിൽ പ്രവർത്തിക്കുന്ന ഒരു ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. സംസ്ഥാനത്തെ ക്യാമ്പസുകളിൽ റിയൽ സ്പെയ്സ് വിദ്യാഭ്യാസത്തിന് വലിയ അടിത്തറയും പാരമ്പര്യവുമുണ്ട്. അക്കാദമിക് അഡ്മിനിസ്ട്രേഷനും സിസ്റ്റം അഡ്മിനിസ്ട്രേഷനും കണ്ടന്റ് ഡെവലപ്പ്മെന്റും സംസ്ഥാനതലത്തിൽ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നതിലൂടെയും അദ്ധ്യാപകരുടെ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തി കൃത്യതയാർന്ന മോണിറ്ററിംഗ് നടത്തുന്നതിലൂടെയും നേരിട്ടുള്ള പഠനവും വെർച്വൽ ക്ലാസും തമ്മിലുള്ള അന്തരം ഒരു പരിധി വരെ കുറയ്ക്കുവാൻ സാധിക്കും. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഓൺലൈൻ പഠന സൗകര്യങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിനാവശ്യമായ വിവരശേഖരണം കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ആരംഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വിപുലമായ ചോദ്യാവലി എല്ലാ സർവ്വകലാശാല/കോളേജുകൾക്കും നൽകികഴിഞ്ഞു. ഓൺലൈനായി നടത്തുന്ന ഈ സർവ്വേയിൽ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും സ്ഥാപനത്തിന്റെയും ഭാഗത്തുനിന്നുള്ള ഡിജിറ്റൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. കോവിഡ്-19 മഹാമാരിമൂലം ഉന്നത വിദ്യാഭ്യാസ രംഗത്ത് സംജാതമായിട്ടുള്ള ആഘാതം നേരിടുന്നതിനും സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിജിറ്റൽ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുമായി 'ലെറ്റ്സ് ഗോ ഡിജിറ്റൽ' എന്ന പദ്ധതി മിഷൻ രീതിയിൽ നടപ്പിലാക്കുന്നതിനും സംസ്ഥാനതല ഏകോപനം

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നതിനും ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. (അനുബന്ധമായി ചേർത്തിട്ടുണ്ട്.)*. പ്രസ്തുത കമ്മിറ്റിയിൽ ഓൺലൈൻ വിദ്യാഭ്യാസത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും പഠിതാക്കൾക്കിടയിലെ ഡിജിറ്റൽ ഡിവൈഡ് പരിഹരിക്കുന്നതിനുമായി 'ബ്രിഡ്ജ് ദി ഡിവൈഡ് ' എന്നൊരു പദ്ധതി കോളേജുതല സമിതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിനുള്ള പഠനങ്ങൾ പുരോഗമിച്ചുവരുന്നു. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പാൽ സംഭരണം**

17 (*407) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ .പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി ക്ഷീരവികസനത്തിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

പുതിയ പദ്ധതികൾ പരിശോധിച്ചുവരുന്നു.

(ബി) കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിക്കുന്നതിനും വിവിധ ഉൽപ്പന്നങ്ങളാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ?

കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിക്കുന്നതിനും കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു. പാലുൽപ്പാദനം ഗണ്യമായി വർദ്ധിക്കുന്ന നിലവിലെ സാഹചര്യത്തിൽ എല്ലാ മിൽമാ പ്ലാന്റുകളിലും പാലുൽപ്പന്നങ്ങൾ നിർമ്മിച്ചുവരുന്നുണ്ട്.

(സി) പ്രസ്തുത നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

പാലുൽപ്പാദനം ഗണ്യമായി വർദ്ധിക്കുന്ന നിലവിലെ സാഹചര്യത്തിൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിച്ച് അധികമുള്ളതിനെ പാൽപ്പൊടിയാക്കി മാറ്റുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലുള്ള മൂർക്കനാട് 53 കോടി രൂപ മുതൽമുടക്കിൽ ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly